പി എൽ1/77458/2016/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തിയ്യതി 09/03/2018

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും

സർ,

വിഷയം: പൊ.വി. - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - മികവുത്സവം 2018 സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന: ബഹു: പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ചേമ്പറിൽ 08/03/2018 ന് ചേർന്ന യോഗ തീരുമാനം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആരംഭത്തോടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ പ്രകടമായ ഉയർച്ചയും വളർച്ചയും നാമേവരും ബോധ്യപ്പെട്ടതാണ്. പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കുന്നതിനും അതുവഴി കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ ഭാവിയിൽ ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയാണ് ഈ വർഷം "മികവുത്സവം - 2018" എന്ന പരിപാടി വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കികൊണ്ട് പൊതുവിദ്യാലയങ്ങളുടെ സമീപ പ്രദേശങ്ങളിലുള്ള എല്ലാ വിദ്യാർത്ഥികളേയും പൊതുവിദ്യാലയത്തിലേക്ക് ആകർഷിക്കുക, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നടത്തിയ പരിപാടികളുടെ നേട്ടങ്ങൾ സമൂഹവുമായി പങ്കിടുക, **യാതൊരുവിധ മത്സരസ്വഭാവവുമില്ലാതെ അക്കാദമിക മികവുകൾക്ക് ഊന്നൽ നൽകികൊണ്ട് കുട്ടികളുടെ സർഗ്ഗവാസനകൾ പങ്കുവയ്ക്കുവാനുള്ള അവസരങ്ങൾ ഉണ്ടാക്കുക**, പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ആർജ്ജിച്ച ഉയർന്ന നിലവാരം സമൂഹത്തെ ബോധ്യപ്പെടുത്തുകവഴി പ്രാദേശിക

സമൂഹത്തിന്റെ വിശ്വാസ്യത നേടുക എന്നതെല്ലാമാണ് മികവുത്സവത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. യുവജനോത്സവം പോലെ മുൻകൂട്ടി പരിശീലിപ്പിച്ചവയല്ല മറിച്ച് കുട്ടികൾ ആർജ്ജിച്ച കഴിവുകൾ പങ്കിടുകയാകണം  മികവുത്സവത്തിന്റെ ആത്യന്തികമായ ലക്ഷ്യം.

**2018 ഏപ്രിൽ** 15ാം തീയതിക്കകം **എല്ലാ സ്കൂളുകളിലും** മികവുത്സവം സംഘടിപ്പിക്കേണ്ടതാണ്. സ്കൂളുകളിലോ, പരിസരപ്രദേശങ്ങളിലെ ഏതെങ്കിലും പൊതുസ്ഥലങ്ങളിലോ മികവുത്സവം സംഘടിപ്പിക്കാവുന്നതാണ്. സംഘാടനത്തിന്റെ സമസ്ത മേഖലകളിലും ജനകീയമായ പിന്തുണ ഉറപ്പാക്കേണ്ടതും ഗ്രീൻ പ്രോട്ടോകോൾ അടിസ്ഥാനമാക്കിയുള്ള പ്രചരണം നടത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മികവുത്സവം സംഘടിപ്പിക്കാനുള്ള സാമ്പത്തികം ജനകീയമായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആയതിന്റെ നടത്തിപ്പിനുള്ള  സംഘാടക സമിതിയുടെ രൂപീകരണം മാർച്ച് 31 നകം പൂർത്തിയാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മികവുത്സവത്തിന്റെ ലക്ഷ്യങ്ങൾ, നടത്തിപ്പ്, സംഘാടക സമിതി, ഉള്ളടക്കം തുടങ്ങി എല്ലാ വിഷയങ്ങളും വിശദമായി പ്രതിപാദിക്കുന്ന ലഘുലേഖ താങ്കളുടെ അറിവിനും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്;

ജില്ലാ പ്രൊജക്ട് ഓഫീസർമാർ

ബ്ലോക്ക് പ്രൊജ്ക്ട് ഓഫിസർമാർ

# ….ലഘുലേഖ….

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
## മികവുത്സവം 2018

പൊതുവിദ്യാഭ്യാസ സംരക്ഷണജ്ഞത്തിന്റെ ഫലമായി വിദ്യാഭ്യാസ രംഗം മുന്നേറ്റത്തിന്റെ പാതയിലാണ്. അക്കാദമിക മികവുയർത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. മലയാളത്തിളക്കം, ഗണിതവിജയം , സമഗ്ര തുടങ്ങിയ പ്രവർത്തനങ്ങൾ അധ്യാപകസമൂഹം സ്വാഗതം ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിൽ പ്രതീക്ഷയുള്ള വലിയൊരു ജനവിഭാഗം ഉള്ളപ്പോൾത്തന്നെ വിദ്യാലയത്തിനുള്ളിലെ മികവ് അറിയാനവസരം ലഭിക്കാത്തതിനാൽ മുഖ്യധാരയിൽ നിന്നും അകന്നുപോയവരും ഉണ്ട്. വിദ്യാലയമികവുകൾ സമൂഹവുമായി പങ്കുവെക്കുന്നതിലൂടെ കൂടുതൽ സമൂഹപിന്തുണ ലഭ്യമാകും. പ്രാദേശികസമൂഹത്തിന്റെ വിശ്വാസ്യത വർധിക്കും. കൂടുതൽ ശക്തമായ പ്രവർത്തനത്തിന് ഇത് പ്രചോദനവുമാകും. ഈ കാഴ്ചപ്പാടോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സർഗോത്സവം 2018 **മികവുത്സവം** എന്ന പേരിലാണ് സംഘടിപ്പിക്കുന്നത്. –

**ലക്ഷ്യങ്ങൾ**

•ഓരോ പൊതുവിദ്യാലത്തിന്റെയും പ്രവർത്തനപരിധിയിലുള്ള എല്ലാ കുട്ടികളേയും പൊതുവിദ്യാലയത്തിലേക്ക് ആകർഷിക്കുകയും പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക

•പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി നടപ്പിലാക്കിയ പരിപാടികളുടെ നേട്ടങ്ങൾ സമൂഹവുമായി പങ്കിടുക

•ഓരോ കുട്ടിയുടെയും മികവുകൾ പങ്കുവെക്കാനവസരം ഒരുക്കുന്നതിലൂടെ തുല്യതയിലും ഗുണനിലവാരത്തിലും ഊന്നിയ വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിൽ രൂപപ്പെടുത്തുന്നത് എന്ന ധാരണ സമൂഹത്തിന് പകരുക

•പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നകുട്ടികൾ ആർജിച്ച നിലവാരം സമൂഹത്തെ ബോധ്യപ്പെടുത്തി പ്രാദേശികസമൂഹത്തിന്റെ വിശ്വാസം നേടുക

**നടത്തേണ്ട കാലയളവ്**

മാർച്ച് അവസാനവാരം മുതൽ ഏപ്രിൽ പതിനഞ്ച് വരെ കാലയളവിലാണ് മികവുത്സവം നടത്തേണ്ടത്.

**മികവുത്സവ നടത്തിപ്പ്**

•ഓരോ വിദ്യാലയവും മികവുത്സവം നടത്തേണ്ടതാണ്

•സമീപപ്രദേശത്തുള്ള സ്വതന്ത്ര എൽ പി സ്കൂളും യു പി സ്കൂളും സംയുക്തമായി മികവുത്സവം നടത്താവുന്നതാണ് .

•വിദ്യാലയത്തിനു പുറത്തുള്ള വേദിയിലാണ് മികവുത്സവം നടത്തേണ്ടത്. പൊതുസമൂഹത്തിലേക്ക് വിദ്യാലയമികവുകൾ എത്തിക്കുന്നതിനാണിത്. വിദ്യാലയവുമായി നിരന്തരം ബന്ധപ്പെടുന്ന രക്ഷിതാക്കൾ മാത്രം കാര്യങ്ങൾ അറിഞ്ഞാൽ പോര. നാളെ വിദ്യാലയത്തിലേക്ക് മക്കളെ അയക്കേണ്ടവരും പ്രാദേശികസമൂഹത്തിൽ അഭിപ്രായരൂപീകരണം നടത്തുന്നവരുമെല്ലാം പൊതുവിദ്യാലയത്തിന്റെ കരുത്ത് അറിയണം.

•പഞ്ചായത്തിലെ വിവിധകേന്ദ്രങ്ങളിൽ മികവുത്സവം നടക്കണം. ഒരു വിദ്യാലയം തെരഞ്ഞെടുത്ത കേന്ദ്രം മികവുത്സവത്തിനായി മറ്റൊരു വിദ്യാലയം തെഞ്ഞെടുക്കാതിരിക്കുന്നതാണ് ഉചിതം.

•മൂന്നു മുതൽ അഞ്ച് മണിക്കൂർ വരെ ദൈർഘ്യമുള്ള പരിപാടിയായി വേണം നടത്തേണ്ടത്.

•എല്ലാ കുട്ടികൾക്കും കഴിവുണ്ട്. അതിനാൽ എല്ലാ വിദ്യാർഥികൾക്കും അവസരം ലഭിക്കത്തക്കവിധം ആസൂത്രണം ചെയ്യണം. എന്നാൽ കുട്ടികളുടെ എണ്ണം വളരെക്കൂടുതലുള്ള

വിദ്യാലയങ്ങളിൽ എല്ലാ ക്ലാസുകൾക്കും പ്രാതിനിധ്യം വരത്തക്കവിധം ക്രമീകരണം നടത്താവുന്നതാണ്

•പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മികവുത്സവത്തിൽ മതിയായ പരിഗണനയും പ്രാതിനിധ്യവും ലഭിക്കുന്നു എന്ന് ഉറപ്പാക്കണം . സംഘപ്രവർത്തനങ്ങൾ പരമാവധി ഉൾച്ചേർക്കുന്നത് ഉചിതമാകും .

•യാതൊരു കാരണവശാലും മത്സരസ്വഭാവം പാടില്ല. പൊതുവിദ്യാലയങ്ങൾ തമ്മിലും കുട്ടികൾ തമ്മിലും മത്സരിക്കാനുള്ള അവസരമോ വേദിയോ അല്ല സർഗോത്സവം.

•വിദ്യാലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുമ്പോൾ ഒരേ ഇനത്തിൽ ഒന്നിലധികം വിദ്യാലയങ്ങളെ പ്രതിനിധീകരിച്ച് അവതരണം വരാതിക്കാൻ ശ്രദ്ധിച്ചാൽ മത്സരഭാവം ഒഴിഞ്ഞുപോകും

•അക്കാദമികമായ മികവാണ് അവതരിപ്പിക്കേണ്ടത്. ഭാഷ ( മാതൃഭാഷ, ഇംഗ്ലീഷ് , ഇതരഭാഷകൾ) ഗണിതം, ശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയ്ക് മുഖ്യപരിഗണന ലഭിക്കണം

•കലാപരിപാടിയോ യുവജനോത്സവത്തിന്റെ ചെറുപതിപ്പോ അല്ല മികവുത്സവം . പ്രവൃത്തിപരിചയ ഉല്പന്നങ്ങളുടെ പ്രദർശനവേദിയാക്കുകയും വേണ്ടതില്ല. സ്കൂൾ പഠനോപകരണങ്ങൾ , ചാർട്ടുകൾ തുടങ്ങിയവയും മികവുത്സവവേദിയിൽ ഒഴിവാക്കാവുന്നതാണ്. എന്നാൽ അക്കാദമിക മികവ് വിഷയാധിഷ്ഠിതമായി വ്യക്തമാക്കുന്ന പാനലുകൾ ആകാം. കുട്ടികളുടെ പഠനത്തെളിവുകളുടെ ഫോട്ടോകൾ അടിക്കുറിപ്പോടെ പാനലുകളാക്കി പ്രദർശിപ്പിക്കാം.

•കുട്ടികളാണ് അവതരണങ്ങൾ നടത്തേണ്ടത്. മുൻകൂട്ടി പരിശീലിപ്പിച്ചവ വേദിയിൽ വന്ന് അവതരിപ്പിക്കുന്നതിനല്ല മറച്ച് ആർജിച്ച കഴിവുകൾ പങ്കിടുന്നതിനാകണം ഊന്നൽ നൽകേണ്ടത്.

***സംഘാടകസമിതിയും ചുമതലകളും***

•സംഘാടക സമിതി കൂടണം. സ്കൂൾ വികസനസമിതി/എസ് എം സി/ രക്ഷാകർതൃസമിതി എന്നിവ ചേർന്ന് മികവുത്സവം നടത്തുന്നതിനും അതിന്റെ വേദിയും തീയതിയും സംഘാടനവിശദാംശങ്ങളും തീരുമാനിക്കണം

•സംഘാടകസമിതിയുടെ അധ്യക്ഷ(ൻ) ജനപ്രതിനിധി/വിദ്യാലയവികസനസമിതി/ ചെയർപേർസൺ/പ്രദേശത്തെ സാംസ്കാരിക സാമൂഹികനേതൃനിരയിലുള്ളവർ/മറ്റ് സാമൂഹികാംഗീകാരമുള്ളവർ ആയിരിക്കണം. പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക ജനറൽ കൺവീനറാകണം. അക്കാദമിക് കമ്മറ്റിയും പ്രചരണകമ്മറ്റിയും വേണം. സ്റ്റേജ്, ഉച്ചഭാഷിണി എന്നിവയ്കും ചുമതലക്കാരുണ്ടാകണം

•ഓരോ ക്ലാസിലെയും കുട്ടികൾ എന്തെല്ലാം കഴിിവുകൾ മികവുത്സവത്തിൽ പങ്കിടണമെന്ന് ധാരണയാവുകയും അതിന്റെ അവതരണക്രമം തീരുമാനിക്കുകയും വേണം

•ഓരോ ഇനവും അവതരിപ്പിക്കുമ്പോൾ അതിനെ വിശകലനം ചെയ്ത് അക്കാദമികശ്രേഷ്ഠത വ്യക്തമാക്കുന്നതിന് പറ്റിയ ആളെ കണ്ടെത്തണം. പൊതുവേദിയിൽ അഞ്ചു മിനിറ്റിൽ കവിയാത്ത വിധം വിലയിരുത്തൽ നടത്തി കുട്ടികളെ അംഗീകരിക്കുകയും പൊതുവിദ്യാലയമികവ് ഉയർത്തിക്കാട്ടുകയും ചെയ്യണം. എങ്കിൽ മാത്രമേ സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവിന്റെ മാനം ബോധ്യപ്പെടുകയുള്ളൂ.

• മികവുത്സവത്തിന്റെ പ്രചരണം പ്രധാനമാണ്. ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് കേരളത്തനിമയുള്ള പ്രചരണരീതികൾ ആലോചിക്കണം. പൂർവവിദ്യാർഥികളുടെയും എസ് എം സിയുടെയും നേതൃത്വത്തിൽ വിളംബരയാത്ര, കൈയെഴുത്തു പോസ്റ്റർ പതിപ്പിക്കൽ, പ്രധാനകവലകളിൽ ബോർഡുകൾ ( പനയോല, മെടഞ്ഞതെങ്ങോല, തുണി, പഴയപനമ്പ്, പായ തുടങ്ങിയ സാധ്യതകൾ ആലോചിക്കണം) , നോട്ടീസ് , ഭവനസന്ദർശനം, നാട്ടിലെ പൊതുപരിപാടികളിൽ അനൗൺസ്മെന്റ് നടത്താനുള്ള ക്രമീകരണം, പത്രവാർത്ത എന്നിവയൊക്കെ നടത്താവുന്നതാണ്.

•ജനകീയമായി സംഘടിപ്പിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്. പൊതുവിദ്യാലയം സമൂഹം ഏറ്റെടുക്കുന്നതിന്റെ പ്രത്യക്ഷതെളിവനുഭവമായി ഇത് മാറണം. ഉച്ചഭാഷിണി, പ്രചരണം,

ലഘുഭക്ഷണം , വേദി അലങ്കരിക്കിൽ എന്നിവ സംഘാടകസമിതിയുടെ നേതൃത്വത്തിൽ നടത്തണം.

•വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ എസ് എസ്എ, ആർ എം എസ് എ, കൈറ്റ്, ഡയറ്റ് തുടങ്ങിയ എല്ലാ ഏജൻസികളുടെയും ഏകോപിതപ്രവർത്തനമായിട്ടാണ് സർഗോത്സവം നടത്തേണ്ടത്.

•കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലാദ്യമായി പ്രാദേശികസമൂഹവുമായി വിദ്യാർഥികൾ തങ്ങളുടെ കഴിവുകൾ പങ്കിടുന്ന വിപുലമായ സംരംഭം എന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും സർഗോത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിക്കണം.

•രക്ഷാകർതൃ സംവാദങ്ങൾക്ക് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ നന്മ പൂക്കുന്ന നാളേക്ക് എന്ന രക്ഷിതാക്കൾക്കുള്ള പുസ്തകം പ്രയോജനപ്പെടുത്താവുന്നതാണ്.

•എസ്.എസ്.എ തയ്യാറാക്കിയ രക്ഷാകർത്താക്കൾക്കുള്ള ബ്രോഷർ എവിടെയെങ്കിലും വിതരണം ചെയ്യാൻ ബാക്കിയുണ്ടെങ്കിൽ അതും പ്രയോജനപ്പെടുത്താം .

**മികവുത്സവം ഉള്ളടക്ക പരിഗണനകൾ**

മികവുത്സവത്തിലെ ഇനങ്ങളെ രണ്ടായി തരംതിരിക്കാം. നിർബന്ധമായി നടത്തേണ്ടവയും വിദ്യാലയത്തിന്റെ സാധ്യതയനുസരിച്ച് ചെയ്യാവുന്നവയും. അടിസ്ഥാനശേഷികൾ ഉറപ്പാക്കിയാണ് പൊതുവിദ്യാലയങ്ങളിൽ അക്കാദമിക പ്രവർത്തനം നടക്കുന്നതെന്ന് തെളിവുകൾ സഹിതം സമൂഹത്തെ ബോധ്യപ്പെടുത്തുന്ന ഇനങ്ങളാണ് നിർബന്ധമായും നടത്തേണ്ടവയിൽ ഉൾപ്പെടേണ്ടത്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ഉയർന്ന നിലവാരത്തിലേക്ക് ഓരോ വിദ്യാലയവും പുരോഗമിക്കുന്നതിന്റെ തെളിവുകളാണ് രണ്ടാം വിഭാഗത്തിൽ വരിക. അതേപോലെ സമഗ്രവികാസം ലക്ഷ്യമിടുന്ന വിദ്യാഭ്യാസ പ്രക്രിയ സംബന്ധിച്ചു ധാരണപകരുന്നതിനും രണ്ടാം വിഭാഗം ഉപകരിക്കും. ഓരോ വിഭാഗത്തിലും പരിഗണിക്കാവുന്ന കാര്യങ്ങൾ ചുവടെ സൂചിപ്പിക്കുന്നു

***•നിർബന്ധമായും നടത്തേണ്ടവ***

•വായന.

•മലയാളത്തിളക്കം, എല്ലാവരും സ്വതന്ത്ര വായനക്കാർ, ഒന്നാം ക്ലാസിൽ ഒന്നാന്തരം വായനക്കാർ എന്നീ പരിപാടികൾ പ്രൈമറി ക്ലാസുകളിൽ നടത്തിയിട്ടുണ്ട്. അതിനാൽ വായന നിർബന്ധമായും നടക്കണം. പൊതുവിദ്യാലയത്തിലെ കുട്ടികളെല്ലാം അടിസ്ഥാനഭാഷാശേഷി നേടിയവരാണെന്ന് കേരളസമൂഹത്തെ ബോധ്യപ്പെടുത്തുന്ന പ്രക്രിയായി ഇത് മാറണം.

•ഒന്നാം ക്ലാസിലെയും രണ്ടാം ക്ലാസിലെയും കുട്ടികൾ ചെറു ബാലസാഹിത്യ കൃതികൾ വേദിയിൽ ഉച്ചത്തിൽ വായിക്കൽ, നിർദേശിക്കുന്ന പുസ്തകമെടുത്ത് നിശ്ചിത ഭാഗം വായിക്കൽ, സദസ് നൽകുന്ന വായനക്കാർഡുകൾ വായിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്

•വേദിയിൽ വെച്ചിട്ടുള്ള പുസ്തകങ്ങളിലെ ആശയം പങ്കിടലും നടത്താം. ക്ലാസ് ലൈബ്രറിയിൽ നിന്നും കുട്ടികളെടുത്തു വായിച്ചിട്ടുള്ള പുസ്തകങ്ങളാണ് വെക്കേണ്ടത്. അതിൽ നിന്നും സദസ് ആവശ്യപ്പെടുന്ന പുസ്തകത്തെക്കുറിച്ച് കുട്ടികൾ വിവരിക്കും

•മൂന്നു മുതലുള്ള കുട്ടികൾ ആശയം വ്യക്തമാകും വിധം ഊന്നലുകൾ നൽകിയും വേഗത ആവശ്യമായിടത്ത് നിയന്ത്രിച്ചും ഭാവം ഉൾക്കൊണ്ടും ആസ്വാദ്യവായന നടത്തൽ. കുട്ടികളുടെ ഗ്രൂപ്പിന് സംഭാഷണ പ്രാധാന്യമുള്ള കഥാഭാഗങ്ങളോ കഥകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സ്ക്രിപ്റ്റോ നൽകാം. ആ ഭാഗം ആസ്വാദ്യമായി വായിച്ചവതരിപ്പിക്കണം.ഓരോരുത്തർക്കും നിശ്ചിത റോൾ നൽകിയാൽ മതിയാകും

• പുസ്തകം, കഥ, കവിത എന്നിവ തത്സമയം വായിച്ച് ആശയം വിശദീകരിക്കൽ, വായിച്ച് ആസ്വാദനം , നിരൂപണം, അവലോകനം എന്നിവ അവതരിപ്പിക്കൽ തുടങ്ങിയ പ്രവർത്തന സാധ്യതകൾ പരിഗണിക്കണം

2. ലഘുശാസ്ത്രപരീക്ഷണം

•എല്ലാ കുട്ടികളും ഏതെങ്കിലം ലഘുശാസ്ത്രപരീക്ഷണം വേദിയിൽ അവതരിപ്പിച്ച് അതിന്റെ ശാസ്ത്രീയത വ്യക്തമാക്കണം. മുപ്പതോ നാല്പതോ വസ്തുക്കൾ വേദിയിൽ വെച്ചിട്ടുണ്ടായിരിക്കും. കുട്ടികൾ വന്ന് ഇഷ്ടമുള്ള വസ്തുക്കൾ ഉപയോഗിച്ച് തത്സമയം

പരീക്ഷണം ചെയ്തു കാണിക്കുന്നു. അതിന്റെ തത്വം വിശദീകരിക്കുന്നു. ഒന്നാം ക്ലാസ് മുതൽ എല്ലാ ക്ലാസുകളിലെയും കുട്ടികൾക്ക് അവസരം നൽകണം.

3. ഇംഗ്ലീഷിൽ തത്സമയ വിവരണം ( വിഷയം നറുക്കിട്ടെടുക്കാം, സദസിനു നിർദേശിക്കാം. കുട്ടികളുടെ ക്ലാസ് നിലവാരം പരിഗണിച്ച് വേണം വിഷയം നിർദേശിക്കേണ്ടത് ),

4. തത്സമയ ആവിഷ്കാരങ്ങൾ

വായനാസാമഗ്രി വായിച്ച് ആശയം വിശദീകരിക്കൽ, തത്സമയ പ്രഭാഷണം, സംഭാഷണം. നൽകുന്ന പ്രമേത്തെ ആശ്പദമാക്കിയുള്ള സ്കിറ്റ് എന്നിവ

5 അടിസ്ഥാനഗണിതശേഷി

എല്ലാ കുട്ടികളും അടിസ്ഥാനഗണിതശേഷി ആർജിച്ചവരാണെന്ന് ബോധ്യപ്പെടുത്തുന്ന തത്സമയ പ്രവർത്തനങ്ങൾ. ഉദാഹരണം കലണ്ടർ ഗണിതം .കലണ്ടർ പ്രദർശിപ്പിക്കുന്നു. കലണ്ടറിനെ ആധാരമാക്കി ചതുഷ്ക്രിയകളിലുള്ള കഴിവ് വ്യക്തമാക്കാൻ സഹായകമായ ചോദ്യങ്ങൾക്ക് ഉത്തരം പറയൽ. ( അഞ്ചിന്റേയും ആറിന്റെയും ഗുണിതമായി വരുന്ന സംഖ്യകൾ ഈ കലണ്ടറിലുണ്ടോ?ഏത്?, മൂന്നുകൊണ്ട് നിശേഷം ഹരിക്കാവുന്ന എത്ര സംഖ്യകളുണ്ടിതിൽ? രണ്ടു സംഖ്യകൾ തമ്മിൽ ഗുണിച്ചാൽ പതിനെട്ടു കിട്ടും. കലണ്ടറിൽ ആ സംഖ്യകളുണ്ട് . കണ്ടെത്താമോ? കോണോടു കോൺ കൂട്ടിയാൽ ....സംഖ്യ ഉത്തരമായി ലഭിക്കും. ഏതെല്ലാം സംഖ്യകളാണെന്നു കണ്ടെത്താമോ എന്നിങ്ങനെ സാധ്യതകൾ)

•***സാധ്യതയനുസരിച്ച് നടത്താവുന്നവ***

•ഗണിതപസിലുകളുടെ അവതരണം

•നടത്തിയ ശാസ്ത്രസാമൂഹികശാസ്ത്രപ്രോജക്ടുകളുടെയും ഗണിതപ്രോജക്ടുകളുടെയും പങ്കിടൽ. വിദ്യാലയത്തിൽ പഠനത്തിന്റെ ഭാഗമായി നടത്തിയ പ്രൊജക്ടുകളുടെ കണ്ടെത്തലുകളാണ് പങ്കിടേണ്ടത്. ഉയർന്ന നിലവാരത്തിലുള്ള പഠനത്തിനു കുട്ടികൾക്ക് അവസരം ലഭിക്കുന്നു എന്നു വ്യക്തമാക്കുന്നതിനാണ് ഇത്.

•കൊറിയോഗ്രാഫി

•പാഠപുസ്തകബാഹ്യമായ ഉള്ളടക്കത്തെ അടിസ്ഥാനമാക്കിയുള്ള തത്സമയ രംഗാവിഷ്കാരം. കഥ, കവിത എന്നിവ തത്സമയം നൽകും. കുട്ടികളുടെ സംഘങ്ങൾക്ക് പത്തുമിനിറ്റ് ആസൂത്രണം നടത്തിയശേഷം അതിന്റെ രംഗാവിഷ്കാരം നടത്താം.

•പ്രാദേശിക ചരിത്രരചന നടത്തിയിട്ടുണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകളുടെ അവതരണം

•പൊതുപ്രസക്തമായ വിഷയത്തെ അടിസ്ഥാനമാക്കിയുള്ള പ്രസംഗം

•ഞങ്ങളുടെ പഠനം ഞങ്ങളുടെ നിലവാരം പഠനത്തെളിവു വെച്ചുള്ള വിശകലനം

•ക്ഷണിക്കപ്പെട്ടവരുമായി തത്സമയ അഭിമുഖം ( സാധ്യതയനുസരിച്ച് ഏതു ഭാഷയിൽ എന്നു നിശ്ചയിക്കാം)

•കാവ്യമാലിക ( മലയാള കവിതകൾ കോർത്തിണക്കിയുള്ള പരിപാടി എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി)

•പഠനനേട്ടങ്ങളഉറപ്പാക്കി മുന്നേറുന്നവർ,( പഠനനേട്ടങ്ങൾ പരിചയപ്പെടുത്തിലും അത് ആർജിച്ചതിന്റെ തെളിവു പങ്കിടലും)

•ജൈവവൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട അവതരണം

•പ്രതിഭാശേഷീപോഷണം ( ടാലന്റ് ലാബ്) അനുഭവം പങ്കിടൽ

•സർഗാത്മക രചനകളുടെ അവതരണം

•തത്സമയം കേട്ട കഥ, കവിത എന്നിവയെ ചിത്രീകരിക്കൽ. ഒരു കവിതയോ കഥയോ വേദിയിൽ വായിച്ച്/ ചൊല്ലി അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികൾക്ക് പേപ്പർ നൽകുന്നു. കേട്ട കഥയിലെ ഒരു രംഗം ചിത്രീകരിച്ച് അതിന് അടിക്കുറിപ്പെഴുതണം. ഈ ചിത്രങ്ങൾ സദസ്സിനു പരിശോധിച്ച് കവിതയുമായും കഥയുമായുമുള്ള പൊരുത്തം ബോധ്യപ്പെടാവുന്നതാണ്

•കലാപരമായ കഴിവുകളുള്ള കുട്ടികൾ ഉണ്ടെങ്കിൽ ഒരാൾ കവിത അവതരിപ്പിക്കുമ്പോൾ മറ്റൊരാൾക്ക് അതിന്റെ രംഗാവിഷ്കാരം നടത്താം. വേറൊരാൾക്ക് അതിന്റെ തത്സമയ ചിത്രീകരണവും ആകാം.

**പ്രവർത്തനക്രമം**

•വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകർക്ക് അറിയിപ്പ് നൽകണം ( മാർച്ച് പതിനഞ്ചിനകം)

•ഓരോ വിദ്യാലയവും മികവുത്സവം നടത്തുന്ന തീയതി വിദ്യാഭ്യാസ ഓഫീസർമാർ ക്രോഡീകരിക്കണം.

•എസ് ആർ ജി യോഗം സ്കൂളുകളിൽ ചേർന്ന് മികവുത്സവ ഇനങ്ങൾ നിശ്ചയിക്കണം. ക്ലാസടിസ്ഥാനത്തിൽ ഇനങ്ങൾ തീരുമാനിക്കണം. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം

•രക്ഷാകർതൃസമിതിയോഗം ചേർന്ന് മികവുത്സവം നടത്തുന്നതിനും സംഘാടകസമിതി രൂപീകരിക്കുന്നതിനും തീരുമാനിക്കുകയും സംഘാടകസമിതി ചേരുന്നതിനുള്ള ക്രമീകരണം നടത്തുകയും വേണം ( മാർച്ച് ഇരുപതിനുള്ളിൽ)

•സംഘാടകസമിതി മാർച്ച് ഇരുപതിനുള്ളിൽ ചേരണം

•കുട്ടികളുമായി മികവുത്സവം ചർച്ച ചെയ്യൽ. അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിക്കൽ

•പ്രചരണം, പങ്കാളിത്തം ഉറപ്പാക്കൽ

• മികവുത്സവം

• മികവുത്സവത്തിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം നടത്തണം. ഉദ്ഘാടനച്ചടങ്ങ് പതിനഞ്ച് മിനിറ്റിലധികം നീളാതിരിക്കുന്നത് കുട്ടികൾക്ക് കൂടുതൽ ഇനങ്ങൾ അവതരിപ്പിക്കുന്നതിന് സഹായകമാകും.

• മികവുത്സവം കുട്ടികളുടെ കഴിവുകളുടെ പ്രകാശനവേദിയാണ്. വിശിഷ്ടവ്യക്തികളുടെ സാന്നിധ്യം ഉണ്ടാകണം.ആശംസാപ്രസംഗം പോലെയുള്ളവ ഒഴിവാക്കുകയും കുട്ടികളുടെ അവതരണങ്ങൾ കണ്ട് വിലയിരുത്തി സംസാരിക്കുന്നതിന് പ്രാധാന്യം നൽകും വിധം ക്രമീകരണം നടത്തുകയും വേണം.

•ഒന്ന് ഒൻപത് ക്ളാസ്സുകളെ കേന്ദ്രീകരിച്ച് ഈ വർഷത്തെ മികവുത്സവം ആകാവുന്നതാണ്.

• എസ്.എസ്. എ പരിധിയിൽ വരുന്ന സ്കൂളുകളിൽ എ.ഇ.ഒ , ബി.പി.ഒമാർ പ്രവർത്തനം ഏകോപിപ്പിക്കണം.

• 810ക്ളാസ്സുകൾ മാത്രമുള്ള സ്കൂളുകളുടെ ഏകോപന ബി.ഒ മാർ നടത്തണം .

• മാർച്ച് 20 നകം പി.റ്റി.എ ചേർന്ന് അവിടെയുണ്ടാക്കുന്ന ധാരണ പ്രകാരം ,സ്വാഗത സംഘം / മികവുത്സവസംഘാടന സമിതികൾ ഉണ്ടാക്കണം .

•സ്കൂൾ ക്യാമ്പസിനു പുറത്ത് പൊതു സമൂഹത്തിന് എല്ലാം എത്തിച്ചേരാവുന്ന ഇടങ്ങളാകണം മികവുത്സവ കേന്ദ്രങ്ങൾ. വായന ശാലകൾ , നാട്ടിലെ പൊതു ഇടങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകണം. വീട് മുറ്റങ്ങളും മാകാം. അഭിപ്രായ സമന്വയത്തിന്നടിസ്ഥാനത്തിലാകണം വേദികൾ കണ്ടെത്തേണ്ടത്.

•അടുത്ത വർഷത്തേക്ക് പരമാവധി കുട്ടികളെ പൊതു വിദ്യാലയങ്ങളിലെത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം അതോടൊപ്പം പ്രധാനമാണ് പൊതു വിദ്യാലയങ്ങളിലെ കുട്ടികളിലെ മികവ് പൊതു സമൂഹവുമായി പങ്കിടുക എന്നത്.

•ഇതിനാവശ്യമായ സാമ്പത്തികം ജനകീയമായി കണ്ടെത്താവുന്നതാണ്. പി.റ്റി.എ യുടെ നേതൃത്വത്തിലോ ഇതിനായി രൂപീകരിക്കുന്ന സംഘാടക സമിതി വഴിയോ ആവശ്യമായ വിഭവങ്ങൾ കണ്ടെത്താവുന്നതാണ്.

•വിദ്യാഭ്യാസ ഓഫീസർമാർ യോഗങ്ങളിൽ പങ്കെടുക്കുകയും പ്രായോഗികാനുഭവത്തിന്റെ അടിസ്ഥാനത്തിൽ മികവുത്സവ സംഘാടനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ വിദ്യാലയങ്ങൾക്ക് നൽകുകയും വേണം

• മികവുത്സവ റിപ്പോർട്ട് വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറണം.

•1 -9 ക്ലാസ്സുകളെ ക്രോഡീകരിച്ച് ഈ വർഷത്തെ സർഗ്ഗോത്സവം ആകാവുന്നതാണ്.

•എസ് എസ് എ പരിധിയിൽ വരുന്ന സ്കൂളികളിൽ എ ഇ ഒ, ബിപിഒ മാർ പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കണം.

•8-10ക്ലാസ്സുകൾ മാത്രമുള്ള സ്കൂളുകളുടെ ഏകോപനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ നടത്തണം.

•മാർച്ച് 15 നകം പിടിഎ ചേർന്ന് അവിടെ ഉണ്ടാകുന്ന ധാരണ പ്രകാരം സ്വാഗതസംഘം സർഗ്ഗോത്സവം സംഘാടന സമിതികൾ ഉണ്ടാക്കണം.

•സ്കൂൾ കാമ്പസിനു പുറത്ത് പൊതുസമൂഹത്തിന് എല്ലാം എത്തിചേരാവുന്ന ഇടങ്ങളാകണം സർഗ്ഗോത്സവ കേന്ദ്രങ്ങൾ, വായനശാലകൾ, മറ്റു പൊതു ഇടങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകാം, വീട് മുറ്റങ്ങളുമാകാം. അഭിപ്രായ സമന്വയത്തിനടിസ്ഥാനത്തിലാകണം വേദികൾ കണ്ടെത്തേണ്ടത്.

•അടുത്ത വർഷത്തേക്ക് പരമാവധികുട്ടികളെ പൊതുവിദ്യാലയങ്ങളിലെത്തിക്കുകയാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പം പ്രധാനമാണ് പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ മികവ് പൊതുസമൂഹവുമായി പങ്കിടുക എന്നത്.

•ഇത് മറ്റൊരു യുവജനോത്സവമല്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

•

**സംഘാടനം പ്രത്യേകം ശ്രദ്ധിക്കേണ്ടത്**.

•എ.ഇ.ഒ , ബി.പി.ഒ , എസ്.എസ്.എ ട്രയിനർമാർ , ജില്ലാതല ഉദ്യോഗസ്ഥർ , ഡയറ്റ് ഫാക്കൽറ്റി , ആർ.എം.എസ്.എ ഉദ്യോഗസ്ഥർ , ഡി.ഇ.ഒ, ഡി.ഡി.ഇ എന്നിവരുടെ കൂട്ടായ ശ്രമമാണ് ജില്ലാതലത്തിലെ ഈ പരിപാടിയുടെ വിജയത്തിനാധാരം .
•അടുത്ത വർഷം ഓരോ ക്ളാസ്സിലും ചുരുങ്ങിയത് 10% കുട്ടികളെയെങ്കിലും വർദ്ധിപ്പിക്കാൻ കഴിയണം . ഇതിനായി വ്യക്തമായ ആസൂത്രണം വേണം.
•തദ്ദേശ ഭരണ സ്ഥാപനങ്ങളെയും അവിടുത്തെ ജനപ്രതിനിധികളെയും എല്ലാ ഘട്ടത്തിലും ഈ പരിപാടിയുമായി ബന്ധിപ്പിക്കണം . വാർഡ് മെമ്പറുടെ സാന്നിധ്യം സമിതിയിൽ ഉണ്ടാകണം.
•മികവുത്സവം തീരുമാനിച്ചു കഴിഞ്ഞാൽ സ്കൂളിന്റെ ക്യാച്ച്മെന്റ് ഏരിയയിലുള്ള മുഴുവൻ വീടുകളും സന്ദർശിച്ച് പരിപാടിക്കായി ആളുകളെയും കുട്ടികളെയും ക്ഷണിക്കണം . ഏറ്റവും മികച്ച ഒരു ക്യാമ്പയിൻ പരിപാടിയായി ഭവന സന്ദർശനത്തെ മാറ്റണം
• ഒന്നാം ക്ളാസ്സിലേക്ക് പുതുതായി വരാൻ സാധ്യതയുള്ള കുട്ടികൾക്കായി ഒരു മണിക്കൂറെങ്കിലും മാറ്റി വയ്ക്കണം . ഈ സമയത്ത് ഈ കുട്ടികളുടെ പരിപാടികൾ ആവാം.
• പ്രവേശനോത്സവത്തിന് മുന്നോടിയായി നടത്തുന്ന ജനകിയ വിദ്യാഭ്യാസ പ്രവർത്തനമാണ് മികവുത്സവം . കുട്ടികളുടെ അക്കാദമിക മികവറിയാൻ യഥാർത്ഥ മികവിന്റെ ഉത്സവമാക്കി നാടിന്റെ അറിവുത്സവമാക്കി മാറ്റാൻ ഈ പ്രവർത്തനത്തിലൂടെ കഴിയണം.